**കേരള സർക്കാർ**

നം. 44073/ഡി.ബി.1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**
തിരുവനന്തപുരം, തീയതി: 20-07-2009

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - 2008-09 വാർഷിക പദ്ധതി - ഷോർട്ട്ഫാൾ നിർണ്ണയിക്കുന്നതിനുള്ള വിനിയോഗശതമാനം കുറവ് ചെയ്യൽ - നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:-
1) 12.04.2006-ലെ സ.ഉ.(പി) 177/2006/ധന. നമ്പർ ഉത്തരവ്
2) 27.05.2007-ലെ 37/2007/ധന.നമ്പർ സർക്കുലർ
3) 22.12.2007-ലെ സ.ഉ.(പി) 603/2007/ധന നമ്പർ ഉത്തരവ്
4) 01.01.2009-ലെ 192/ഡി.ബി.1/2009/തസ്വഭവ നമ്പർ സർക്കുലർ
5) 01.07.2009-ലെ സ.ഉ.(പി) 249/2009/ധന. നമ്പർ ഉത്തരവ്

ഒരു വാർഷിക പദ്ധതിയിൽ വികസനഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന (ക്യാരിഓവർ ഉൾപ്പെടെ) തുകയുടെ 80 ശതമാനം ആ വർഷം വിനിയോഗിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, വിനിയോഗത്തിലെ ഷോർട്ട്ഫാൾ (80 ശതമാനം ചെലവ് ആകുന്നതിന് വേണ്ട തുക) നഷ്ടപ്പെടുന്നതാണെന്ന് സൂചന മൂന്ന് പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം 80 ശതമാനം എന്ന പദ്ധതി ലക്ഷ്യത്തെ അടിസ്ഥാനമാക്കി കണക്കാക്കുന്ന ഒരു വർഷത്തെ ഷോർട്ട്ഫാൾ തുക തുടർന്നുള്ള രണ്ടാമത്തെ വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് കുറവ് ചെയ്യുന്ന രീതിയാണ് (അതായത് 2006-07-ലെ ഷോർട്ട്ഫാൾ തുക 2008-09-ൽ, 2007-08-ലെ ഷോർട്ട്ഫാൾ തുക 2009-10-ൽ എന്ന രീതിയിൽ) അവലംബിച്ചിട്ടുള്ളത്. അതുപ്രകാരം 2008-09-ലെ ഷോർട്ട്ഫാൾ തുക 2010-11-ലെ ബജറ്റ് വിഹിതത്തിൽ നിന്നാണ് കുറവ് ചെയ്യേണ്ടത്.

2. 2008-09 വാർഷികപദ്ധതിയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഭവനനിർമ്മാണ മേഖലയ്ക്ക് (ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി, എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി, കേന്ദ്രാവിഷ്കൃത ഭവനപരിപാടികളുടെ വിഹിതം മുതലായവ) ഉയർന്ന പരിഗണന നൽകുകയും അതിന് അനുസൃതമായി വിഹിതം വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതുകാരണം ഇ.എം.എസ്. ഭവനപദ്ധതിയുടെ ഗുണഭോക്താക്കളുടെ അർഹതാപരിശോധന നടത്തി ഗുണഭോക്തൃപട്ടിക അന്തിമമാക്കാൻ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിരുന്നില്ല. അതുകാരണം ഭവനനിർമ്മാണ മേഖലയ്ക്ക് വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനും 80 ശതമാനം എന്ന പദ്ധതിലക്ഷ്യം കൈവരിക്കുന്നതിനും ആ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. 2008-09-ലെ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആ വർഷത്തെ ഷോർട്ട്ഫാൾ നിർണ്ണയിക്കുന്നതിനുള്ള വിനിയോഗശതമാനം, ചില നിബന്ധനകൾക്ക് വിധേയമായി, 80-ൽ നിന്ന് 65 ആയി കുറവ് ചെയ്തുകൊണ്ട് സൂചന അഞ്ച് പ്രകാരം ഉത്തരവായിട്ടുണ്ട്. ഭവനനിർമ്മാണ മേഖലയ്ക്ക് വകയിരുത്തിയ തുക വിനിയോഗിക്കാൻ കഴിയാത്തതുകൊണ്ട് 80% എന്ന പദ്ധതിലക്ഷ്യം കൈവരിക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം 80 ശതമാനം എന്നതിനുപകരം 65 ശതമാനത്തെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ നിർണ്ണയിക്കുന്നതിന് ആ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ ചുവടെ വിവരിക്കുന്നു.

2.1 2009 മാർച്ച് 31–ന് ഭവനനിർമ്മാണ മേഖലയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക, എൺപത് ശതമാനം എന്നതിനുപകരം 65 ശതമാനത്തെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ കണക്കാക്കിയാൽ അതിന്റെ പ്രയോജനം ലഭിക്കാവുന്ന തുകയെക്കാൾ (പരമാവധി 15 ശതമാനം) കൂടുതലായിരിക്കണം. എങ്കിൽ മാത്രമെ 65 ശതമാനം ചെലവിനെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ നിർണ്ണയിക്കുകയുള്ളൂ. ഭവനനിർമ്മാണ മേഖലയിലെ നീക്കിയിരിപ്പ് തുക, എൺപതിനുപകരം 65 ശതമാനം ചെലവിനെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ കണക്കാക്കിയാൽ അതിന്റെ പ്രയോജനം ലഭിക്കാവുന്ന തുകയെക്കാൾ കുറവായ തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ വ്യത്യാസത്തിന് തുല്യമായ തുക 2009–10–ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചുകിട്ടുന്ന വിഹിതത്തിൽനിന്ന് അധികം വകയിരുത്തുകയാണെങ്കിൽ ആ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിലും 80–നുപകരം 65 ശതമാനം ചെലവിനെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ നിർണ്ണയിക്കുന്നതാണ്.

2.2 മുൻഖണ്ഡികയിൽ വിവരിച്ച നിർദ്ദേശങ്ങൾ വ്യക്തമാക്കുന്നതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

*ഉദാഹരണം 1 :* 2008–09–ൽ ലഭ്യമായ വികസനഫണ്ടിൽനിന്ന് 80 ശതമാനത്തിൽ താഴെ; എന്നാൽ 65 ശതമാനത്തിന് മുകളിൽ തുക ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനം.

| | | | |
|---|---|---|---|
| 1. | 2008–09–ലെ വികസനഫണ്ട് ക്യാരിഓവർ വിഹിതം | : 6.00 | ലക്ഷം രൂപ |
| 2. | 2008–09–ൽ ലഭിച്ച വികസനഫണ്ട് വിഹിതം | : 54.00 | ,, |
| 3. | 2008–09–ൽ ലഭ്യമായ ആകെ വിഹിതം (1+2) | : 60.00 | ,, |
| 4. | 2008–09–ലെ ചെലവ് (2009 മാർച്ച് 31 വരെ : 75%) | : 45.00 | ,, |
| 5. | പദ്ധതിലക്ഷ്യം 80 ശതമാനം എന്നതിനുപകരം 65–നെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ കണക്കാക്കിയാൽ പ്രയോജനം ലഭിക്കാവുന്ന തുക [80 ശതമാനത്തിന് തുല്യമായ തുകയും ചെലവും തമ്മിലുള്ള വ്യത്യാസം, പരമാവധി 15% ; ഈ ഉദാഹരണത്തിൽ 5 ശതമാനത്തിന് (80–75) തുല്യമായ തുക] | : 3.00 ലക്ഷം രൂപ (ഇനം 3–ലെ തുകയുടെ 5%) | |

ഈ തദ്ദേശഭരണ സ്ഥാപനത്തിന് 3.00 ലക്ഷം രൂപയുടെ പ്രയോജനമാണ് (2010–11–ൽ തുക നഷ്ടപ്പെടാതിരിക്കുക) ലഭിക്കാവുന്നത്. ആ തുക (3.00 ലക്ഷം രൂപ) നഷ്ടപ്പെടാതിരിക്കണമെങ്കിൽ ഭവനനിർമ്മാണ മേഖലയ്ക്ക് 2009 മാർച്ച് 31–ന് 3.00 ലക്ഷം രൂപയിൽ കൂടുതൽ നീക്കിയിരിപ്പ് ഉണ്ടായിരിക്കണം. അത്രയും തുക നീക്കിയിരിപ്പായി ഇല്ലെങ്കിൽ അവയുടെ വ്യത്യാസത്തിന് തുല്യമായ തുക 2009–10–ൽ ലഭിക്കുന്ന വിഹിതത്തിൽനിന്ന് അധികം വകയിരുത്തണം. മുകളിൽ ഉദാഹരണമായി നൽകിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനത്തിന് ഭവനനിർമ്മാണ മേഖലയിൽ നീക്കിയിരിപ്പായി 2.00 ലക്ഷം രൂപയേ ഉള്ളൂവെങ്കിൽ 1.00 ലക്ഷം രൂപ (3.00–2.00) 2009–10–ൽ ലഭിക്കുന്ന വിഹിതത്തിൽ നിന്ന് അധികം വകയിരുത്തണം.

*ഉദാഹരണം 2 :* 2008–09–ലെ വിനിയോഗ ശതമാനം 65–ഓ അതിൽ കുറവോ ആയ തദ്ദേശഭരണ സ്ഥാപനം.

| | | | |
|---|---|---|---|
| 1. | 2008–09–ലെ വികസനഫണ്ട് ക്യാരിഓവർ വിഹിതം | : 6.00 | ലക്ഷം രൂപ |
| 2. | 2008–09–ൽ ലഭിച്ച വികസനഫണ്ട് വിഹിതം | : 54.00 | ,, |
| 3. | 2008–09–ൽ ലഭ്യമായ ആകെ വിഹിതം (1+2) | : 60.00 | ,, |
| 4. | 2008–09–ലെ ചെലവ് (2009 മാർച്ച് 31 വരെ : 55%) | : 33.00 | ,, |

5. പദ്ധതിലക്ഷ്യം 80 ശതമാനം എന്നതിനുപകരം 65–നെ അടിസ്ഥാനമാക്കി കണക്കാക്കിയാൽ പ്രയോജനം ലഭിക്കാവുന്ന തുക (ചെലവ് ശതമാനം 65–ഓ അതിൽ കുറവോ ആയ എല്ലാതദ്ദേശഭരണ സ്ഥാപനങ്ങൾക്കും 15% തുകയുടെ പ്രയോജനമാണ് ലഭിക്കാവുന്നത്) : 9.00 ലക്ഷം രൂപ
(ഇനം 3–ലെ തുകയുടെ 15%)

ഈ തദ്ദേശഭരണ സ്ഥാപനത്തിന് 9.00 ലക്ഷം രൂപ 2010–11–ൽ നഷ്ടപ്പെടാതിരിക്കണമെങ്കിൽ അതിൽ കൂടുതൽ തുക 2009 മാർച്ച് 31–ന് ഭവനനിർമ്മാണ മേഖലയ്ക്ക് നീക്കിയിരിപ്പായി ഉണ്ടായിരിക്കണം. നീക്കിയിരിപ്പ് തുക 9.00 ലക്ഷം രൂപയിൽ കുറവാണെങ്കിൽ അവയുടെ വ്യത്യാസത്തിന് തുല്യമായ തുക 2009–10–ൽ ലഭിക്കുന്ന വിഹിതത്തിൽനിന്ന് അധികം വകയിരുത്തണം. ഉദാഹരണത്തിന് 5.00 ലക്ഷം രൂപ മാത്രമെ ഭവനനിർമ്മാണ മേഖലയിൽ നീക്കിയിരിപ്പായി ഉള്ളൂവെങ്കിൽ 4.00 ലക്ഷം രൂപ (9.00–5.00) 2009–10–ൽ ലഭിക്കുന്ന വിഹിതത്തിൽനിന്ന് അധികം വകയിരുത്തണം.

2008–09–ലെ വിനിയോഗ ശതമാനം 65–ഓ അതിൽ കുറവോ ആയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 15 ശതമാനം തുകയുടെ പ്രയോജനം ഈ രീതിയിൽ ലഭിക്കുന്നതാണ്. ബാക്കി തുക 2010–11–ൽ നഷ്ടപ്പെടുന്നതാണ്. മുകളിൽ രണ്ടാമതായി നൽകിയിട്ടുള്ള ഉദാഹരണത്തിൽ 80 ശതമാനം എന്ന പദ്ധതി ലക്ഷ്യത്തെ അടിസ്ഥാനമാക്കി കണക്കാക്കിയാൽ 25 ശതമാനത്തിന് തുല്യമായ തുകയുടെ (15.00 ലക്ഷം രൂപ) ഷോർട്ട്ഫാൾ ആണ് ഉണ്ടായിട്ടുള്ളത്. ഇതിൽ 15 ശതമാനം തുക (9.00 ലക്ഷം രൂപ) മുകളിൽ വിവരിച്ചത് പ്രകാരം സംരക്ഷിക്കാവുന്നതാണ്. ബാക്കി തുക (10 ശതമാനത്തിന് തുല്യമായ തുക : 6 ലക്ഷം രൂപ) 2010–11–ൽ നഷ്ടപ്പെടുന്നതാണ്.

2.3 മുകളിൽ വിവരിച്ചനിർദ്ദേശങ്ങൾ പാലിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമെ 2010–11–ൽ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അതുകാരണം ഭവനനിർമ്മാണ മേഖലയിലെ 2009 മാർച്ച് 31–ലെ നീക്കിയിരിപ്പ് തുക വകമാറ്റാൻ പാടില്ല. നീക്കിയിരിപ്പ് തുക പൂർണ്ണമായും ഭവനനിർമ്മാണ മേഖലയ്ക്ക് തന്നെ വിനിയോഗിക്കേണ്ടതാണ്.

2.4 എൺപത് ശതമാനം എന്ന പദ്ധതി ലക്ഷ്യത്തിന് പകരം 65 ശതമാനത്തെ അടിസ്ഥാനമാക്കി ഷോർട്ട്ഫാൾ നിർണ്ണയിക്കുന്നതിന്റെ പ്രയോജനം ലഭിക്കുന്നതിന് 2009–10–ൽ ലഭിക്കുന്ന വിഹിതത്തിൽ നിന്ന് അധിക തുക വകയിരുത്തേണ്ടിവരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ആ രീതിയിൽ തുക വകയിരുത്തുന്നത്, സൂചന നാലിലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരം 2009–10–ൽ അനുവദിച്ചു കിട്ടുന്ന വികസനഫണ്ട് വിഹിതത്തിൽനിന്ന് ഭവനനിർമ്മാണ മേഖലയ്ക്ക് നിർബന്ധമായും വകയിരുത്തേണ്ട ഏറ്റവും കുറഞ്ഞ തുകയ്ക്ക് (ആകെ വികസന ഫണ്ടിന്റെ 15%) ഉപരിയായിട്ടായിരിക്കണം.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

4 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
14 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
19 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
20 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
30 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
31 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
33 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്